പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.2078 | 13/06/2019 ൽ മറുപടി നല്കേണ്ടത്. |
| --- | --- |

## നിരണം പി.എച്ച്.സി കെട്ടിട പുനർനിർമ്മാണം

| | ചോദ്യം | | ഉത്തരം |
| --- | --- | --- | --- |
| | **ശ്രീ.മാത്യൂ റ്റി.തോമസ്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | നിരണം പി.എച്ച്.സി.യുടെ തകർന്ന കെട്ടിടം പുനർനിർമ്മിക്കുന്നതിനായി എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച തുക വേണ്ട രീതിയിൽ പ്രയോജനപ്പെടുത്തുന്നതിലുള്ള ഉദാസീനത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) | 2016-17 ൽ ബഹു. എം.എൽ.എ ശ്രീ. മാത്യൂ ടി തോമസിന്റെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നിരണം കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണത്തിനായി 160 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായതിനെ തുടർന്ന് ടി കെട്ടിട നിർമ്മാണത്തിന് മുൻകൂറായി അനുവദിച്ച തുകയുടെ 20% ആയ 32,00,000/- (മുപ്പത്തിരണ്ട് ലക്ഷം രൂപമാത്രം) അനുവദിക്കുകയുണ്ടായി. രണ്ടാം ഘട്ട തുകയായ (20%) 32,00,000/- (മുപ്പത്തിരണ്ട് ലക്ഷം രൂപമാത്രം) മുൻകൂറായി നൽകുന്നതിനുള്ള പ്രൊപ്പോ സൽ സർക്കാർ പരിശോധിച്ച് വരുന്നു. |
| ബി) | പ്രസ്തുത പി.എച്ച്.സി.യെ കുടുംബാരോഗ്യ കേന്ദ്രമായി മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോഎന്ന് വ്യക്തമാക്കാമോ? | ബി) | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ നിരണം പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി തിരഞ്ഞെടുത്തിട്ടുണ്ട്. |

Sheeshy

സെക്ഷൻ ഓഫീസർ